ജന്മഭൂമി

28 November 2017

# രാജ്യാന്തര സഫാരി സമ്മേളനം: യുവ ഗവേഷകർക്ക് സാമ്പത്തിക സഹായം

**കൊച്ചി:** സിഎംഎഫ്ആർഐയുടെ നേതൃത്വത്തിൽ ജനുവരി 15 മുതൽ 17 വരെ കൊച്ചിയിൽ നടക്കുന്ന രണ്ടാമത് രാജ്യാന്തര സഫാരി സമ്മേളനത്തിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതിന് യുവഗവേഷകർക്ക് സാമ്പത്തിക സഹായം നൽകുന്നു. വിദ്യാർത്ഥികൾ, ഗവേഷകർ, അധ്യാപകർ എന്നിവരിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്നവർക്ക് രജിസ്ട്രേഷൻ ഫീസ് ഇളവ് നൽകും. കൂടാതെ, ഏറ്റവും മികച്ച പ്രബന്ധങ്ങൾ സമർപ്പിക്കുന്നവരുടെ യാത്ര-താമസച്ചിലവുകൾക്കുള്ള സാമ്പത്തിക സഹായവും നൽകും.

safari2.secretariat@gmail.com എന്ന വിലാസത്തിലേക്ക് പ്രബന്ധത്തിന്റെ ചുരുക്കരൂപവും ബയോഡാറ്റയും ഇ-മെയിൽ ചെയ്യുന്നവരിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്നവർക്കായിരിക്കും സാമ്പത്തിക സഹായം ലഭിക്കുക. അവസാനതീയതി 30. മികച്ച പ്രബന്ധങ്ങൾക്കും പോസ്റ്റർ പ്രദർശനത്തിനും സമ്മേളനത്തിൽ പ്രത്യേക പുരസ്കാരങ്ങൾ നൽകും.

ഉപഗ്രഹ സാങ്കേതികവിദ്യ ഇന്ത്യൻ മത്സ്യമേഖലയിൽ എങ്ങനെ ഉപയോഗപ്പെടുത്താമെന്നതിന് രൂപരേഖ തയ്യാറാക്കുകയാണ് സമ്മേളനത്തിന്റെ പ്രധാന ലക്ഷ്യം. ഐഎസ്ആർഒ, സിഎസ്ഐആർ, ഐസിഎആർ, നാൻസൻ എൻവയൺമെന്റ് റിസർച്ച് സെന്റർ തുടങ്ങിയ സ്ഥാപനങ്ങളുടെയും സർവകലാശാലകളുടെയും സഹകരണത്തോടെയാണ് സമ്മേളനം. സഫാരി സമ്മേളനത്തിൽ പങ്കെടുക്കുന്നവർക്കായി, ഉപഗ്രഹ വിവരങ്ങൾ കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് രണ്ട് ദിവസത്തെ പ്രായോഗിക പരിശീലനം നൽകും. ജനുവരി 12, 13 തീയതികളിലാണ് പരിശീലനം. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ഡിസംബർ 20ന് മുമ്പായി അപേക്ഷ സമർപ്പിക്കണം. വിവരങ്ങൾ www.safari2.org.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.